# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എടരിക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 14/1843/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/10/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 14/1843/2025 തീയ്യതി: 14/10/2025

# മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഷ്റഫ് പെരുമ്പള്ളി | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 21-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 21-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സക്കീർ ഹുസൈൻ. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സക്കീന. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ആഖിൽ. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൾ ജലീൽ മണമ്മൽ | പ്രസിഡന്റ് | 01-04-2024 | 08-05-2024 |
| ശ്രീമതി ആബിദ തൈക്കാടൻ | പ്രസിഡന്റ് | 09-05-2024 | 19-05-2024 |
| ശ്രീ. ഫസലുദ്ദീൻ തയ്യിൽ | പ്രസിഡന്റ് | 20-05-2024 | 31-03-2025 |
| ശ്രീ. ആന്റണി റോഷൻ. കെ.ടി | സെക്രട്ടറി | 01-04-2024 | 07-09-2024 |
| ശ്രീ. ബിജുലാൽ പി.എസ്. | സെക്രട്ടറി | 08-09-2024 | 15-10-2024 |
| ശ്രീമതി റീന വർഗീസ് | സെക്രട്ടറി | 16-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനില. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ. ബിജുലാൽ. പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2024 | 31-03-2025 |
| ശ്രീ. അമൽനാഥ്. ടി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ സലാം. ഇ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ. ബിനു സുധാകർ | ക്ഷീര വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി അക്ഷയ സുരേഷ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-01-2025 |
| ശ്രീ. ഇബ്രാഹിം കുട്ടി. ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-02-2025 | 31-03-2025 |
| ശ്രീമതി ബിന്ദു. ടി.എം | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 10-07-2024 |
| ശ്രീമതി ജംഷീദ ബേബി | ഐസിഡിഎസ് സൂപ്പർവൈസർ | 11-07-2024 | 31-07-2024 |
| ശ്രീമതി ലുബ്ന. ടി | ഐസിഡിഎസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീ. വിജി മോൾ. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 17-09-2024 |
| ശ്രീ. ശ്രീജിത്. വി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് ഫാരിസ്. പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ശുഹൈബ്. പി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. നഷ്വ. കെ.സി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.ബീന | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 06-03-2025 |
| ഡോ. അനുപമ. വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 07-03-2025 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | പ്രയർ പിരിയേഡ് ഇനങ്ങളിലെ അപാകങ്ങൾ | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിലുള്ള പൊരുത്തക്കേടുകൾ | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | Directly Debited By Bank ഇനത്തിൽ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-1-6 |
| 8 | രജിസ്റ്ററുകൾ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ജലജീവൻ മിഷൻ പദ്ധതി | 1-11 |
| 19 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം | 1-12 |
| 20 | ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല - വസ്തു നികുതി നഷ്ടം | 1-13 |
| 21 | തൊഴിൽ നികുതി അപാകങ്ങൾ | 1-14 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു | 1-15 |
| 23 | മുൻകൂറായി തുക നൽകി – ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-16 |
| 24 | ലൈഫ് ഭവന പദ്ധതി- ഭവന നിർമാണം പൂർത്തീകരിച്ചില്ല | 1-17 |
| 25 | പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല. | 1-18 |
| 26 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല. | 1-19 |
| 27 | മോട്ടോർ മാറ്റിവെക്കൽ - വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 28 | ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 29 | ഇലക്ട്രിക്പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 30 | ഫെസ്റ്റിവെൽ അഡ്വാൻസ്- തിരികെ ഈടാക്കിയില്ല | 1-23 |
| 31 | ഗ്രാമ ലക്ഷ്മിമുദ്രാലയത്തിന് നൽകിയ തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 32 | സ്ഥലംമാറ്റ യാത്രാബത്ത -അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-25 |
| 33 | ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ - തുക അധികം നൽകി. | 1-26 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 35 | SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല | 1-28 |

| | | |
|---|---|---|
| 36 | അതിദാരിദ്ര്യം ഗുണഭോക്താക്കൾക്ക് വീട്ട് വാടക നൽകൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-30 |
| 38 | ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും | 1-31 |
| 39 | റോഡ് മെയിന്റനൻസ് ഫണ്ട് 55 ലക്ഷം രൂപ ലാപ്സായി | 1-32 |
| 40 | ജൽ ജീവൻ മിഷൻ പ്രവൃത്തിക്കായി റോഡ് കട്ടിങ്ങ് - പ്രവൃത്തികൾ പൂർത്തിയാക്കാനായില്ല. | 1-33 |
| 41 | പൊതു മരാമത്ത് പ്രവൃത്തികൾ - പ്രോജക്ടുകളുടെ ആധിക്യം - പദ്ധതി ലക്ഷ്യം കൈവരിക്കാനാവുന്നില്ല. | 1-34 |
| 42 | അഡ്വാൻസ് - വ്യക്തതയില്ലാത്ത രേഖപ്പെടുത്തലുകൾ | 1-35 |
| 43 | ജി.യു.പി.എസ്സ് ക്ലാരി -ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു. | 1-36 |
| 44 | വനിത വ്യവസായ കേന്ദ്രത്തിലെ യന്ത്രസാമഗ്രികൾ - സ്ഥലം മാറ്റൽ | 1-37 |
| 45 | പി.എച്ച്.സി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 1-38 |
| 46 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി | 1-39 |
| 47 | കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ - തുക അധികം നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: മലപ്പുറം
തീയതി: 14/10/2025 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2024-25 തീ. 14.07.2025) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന മേൽപ്പറഞ്ഞ പത്രികകൾ തയ്യാറാക്കാനുള്ള സൗകര്യം ലഭ്യമല്ലെന്നും ഈ അസൗകര്യം I.K.M ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടി നൽകി.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-3329325/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (16043006/-) തുല്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2024-25 തീ. 14.07.2025) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിങ് സോഫ്റ്റ്വെയറിൽ

ഓട്ടോജനറേറ്റഡ് ആണെന്നും ആയതിൽ തിരുത്തൽ വരുത്താനുള്ള സൗകര്യം പഞ്ചായത്തിന് ലഭ്യമല്ലെന്നും ഈ അസൗകര്യം I.K.M നെ അറിയിക്കുന്നതാണെന്നും മറുപടി നൽകി.

## 1-1-3 പ്രയർ പിരിയേഡ് ഇനങ്ങളിലെ അപാകങ്ങൾ

(A) 'Prior Period Income' എന്ന ഹെഡ് (ഹെഡ് കോഡ്: 190000000) ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിന്റെ എക്സ്പെന്റിച്ചർ ഭാഗത്താണ് ചേർത്തിട്ടുള്ളത്.

(B) Net Difference (D = 1-19 - 1-18) എന്നത് Prior Period Income (I-19), Prior Period Expenses (I-18) എന്നിവയുടെ വ്യത്യാസത്തിന് തുല്യമാകുന്നില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2024-25 തീ. 14.07.2025) ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, Net Difference (D = 1-19 - 1-18) എന്നിവ സിസ്റ്റം ജനറേറ്റഡ് ആണെന്നും ആയതിൽ മാറ്റം വരുത്താനുള്ള സൗകര്യം പഞ്ചായത്തിന് ലഭ്യമാക്കാൻ I.K.M. നോട് രേഖാമൂലം ആവശ്യപ്പെടുമെന്നും മറുപടി നൽകി.

## 1-1-4 വാർഷിക ധനകാര്യ പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിലുള്ള പൊരുത്തക്കേടുകൾ

A) താഴെ പറയുന്ന ഫണ്ടിനങ്ങളിൽ എ.സി.ആർ. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് [(B-3 Of 2024-25) – (B-3 Of 2023-24) + I-6] | വ്യത്യാസം |
|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – റ്റൈഡ് ഫണ്ട് | 3264049 | 3262769 | 1280 |
| വികസന ഫണ്ട് - ജനറൽ | 17637675* | 17637765 | 90 |

* എ.സി.ആർ പ്രകാരമുള്ള ചെലവ് + ഡെവലപ്മെന്റ് ഫണ്ട് - ജനറൽ ഫണ്ടിൽ നിന്നുള്ള സോഴ്സ് ഡിഡക്ഷൻ.

B) വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-4 പ്രകാരം Rural Housing – Housing For All എന്ന ഫണ്ടിൽ (ഹെഡ് കോഡ്: 320100160) 4,40,000/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ ഫണ്ടുമായി ബന്ധപ്പെട്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ടി ഫണ്ടിലെ നീക്കിയിരിപ്പ് 3,00,000/- രൂപയാണ്.

C) വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂൾ I-6, B-3 എന്നിവ പ്രകാരം വിവിധ ഫണ്ടുകളിൽ താഴെ പറയും പ്രകാരം ചെലവുണ്ട്.

| ക്രമ നം. | ഫണ്ടിനം | ചെലവ് [(B-3 Of 2024-25) – (B-3 Of 2023-24) + I-6] |
|---|---|---|
| 1 | General Purpose Fund/Fund For Traditional Functions | 19039614 |
| 2 | Integrated Child Development Service | 48,883 |
| 3 | Swaccha Bharat Abhiyaan | 192000 |
| 4 | Total Sanitation Campaign | 34920 |
| 5 | Grants For Specific Purposes – Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | 189134 |
| 6 | Grants For Specific Purposes – Health Grant Towards Support For Diagnoostic Infrastructure To The PHCs | 29306 |
| 7 | Beneficiary Contribution | 791119 |
| 8 | Contribution Towards Joint Venture Projects – From District Panchayats | 626234 |
| 9 | Contribution Towards Joint Venture Projects – From District Panchayats | 2784053 |

എന്നാൽ, ഈ ഫണ്ടുകളുമായി ബന്ധപ്പെട്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ B11-(E) Annual Plan – Capital Expences (Infrastructure Sector) എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ മൂല്യങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

## 1-1-6 Directly Debited By Bank ഇനത്തിൽ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

Directly Debited By Bank ഇനത്തിൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല.

| ബാങ്ക്, അക്കൗണ്ട് നം. | തീയതി | തുക (രൂ.) |
|---|---|---|
| STATE BANK OF INDIA-E Payment EDARIKODE (67387330123) | 16.12.2022 | 397 |
| | 03.08.2023 | 215 |
| | 06.03.2023 | 362 |
| | 04.03.2023 | 388 |

## 1-1-7 രജിസ്റ്ററുകൾ പ്രകാരമുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

A) താഴെ പറയുന്ന വരവിനങ്ങളിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റുകളും രജിസ്റ്ററുകൾ പ്രകാരമുള്ള ഡിമാന്റുകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വരവിനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് | രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് |
|---|---|---|---|
| 1 | തൊഴിൽ നികുതി - വ്യാപാരികൾ | 817110 | 498210 |
| 2 | FTEAOS ലൈസൻസ് ഫീസ് | 457700 | 261800 |

B) വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വരവിനങ്ങളിൽ താഴെ പറയും പ്രകാരം വരവുണ്ട്.

| ക്രമ നം. | വരവിനം | വരവ് |
|---|---|---|
| 1 | Permit Fee For Running Machinery | 3245 |
| 2 | Receipts From The Scrap/Empties And Waste Materials | 5000 |

എന്നാൽ, ഈ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയവയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1(1) തീ. 09.02.2024 | തീരുമാനം 1(1) തീ. 19.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56892119 |

| | |
|---|---|
| വരവ് | 69905062 |
| ആകെ | 126797181 |
| ചെലവ് | 73234387 |
| നീക്കിയിരിപ്പ് | 53562794 |

## 1-4 ഗ്രാന്റ് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16118643 | 16118643 | 16055318 | 63325 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3062232 | 3062232 | 2858000 | 204232 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11434000 | 11434000 | 5919465 | 5514535 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9414000 | 9414000 | 7046183 | 2367817 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 8410888 | 8410888 | 3264049 | 5146839 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 0 | 3257877 | 3257877 | 1966833 | 1291044 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 299 | 176355317 | 166 | 67825076 | 133 | 55.51% |

കുറിപ്പ് :-
അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 478/25 നമ്പറിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 479/25, 481/25 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) എന്ന ഇനത്തിൽ 482/25, 480/25 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹16,59,125/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7269 | 542515 | 549784 | 549784 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4932000 | 4932000 | 4932000 | 0 |

## 1-7 സാമൂഹ്യ ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി വേതനം | 718400 | 47 |
| വിധവാപെൻഷൻ | 13680500 | 873 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 22787200 | 1570 |
| വികലാംഗപെൻഷൻ | 4903600 | 314 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള സഹായം | 252800 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2025 ന് 12.30 Pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,839/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്ന് ക്രിയാത്മകമായ സമീപനങ്ങൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൂട്ടായ പ്രവർത്തനവും മോണിട്ടറിങ്ങും കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ടർഫ്, നീന്തൽക്കുളങ്ങൾ തുടങ്ങിയ അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.
4. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ പാർക്കിങ്ങ് , വെള്ള സൗകര്യം എന്നിവ പരിമിതമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01.10.2022 To 31.10.2022 | ലഭ്യമല്ല |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 ജലജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. . സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറിയാണ് പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ നൽകുന്നത്.

എടരിക്കോട് ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതാറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്കായി നാളിതുവരെ തദ്ദേശ സ്വയംഭരണ വിഹിതമോ ഗുണഭോക്തൃ വിഹിതമോ കൈമാറിയിട്ടില്ല. ഗുണഭോക്തൃ വിഹിതം നാളിതു വരെ പിരിച്ചെടുക്കുകയും ചെയ്തിട്ടില്ല. ജൽജീവൻ മിഷൻ സംബന്ധിച്ച് മേൽ

നിർദ്ദേശങ്ങളൊന്നും ലഭിക്കാത്തതിനാലാണ് നാളിതുവരെ പദ്ധതി വെക്കാത്തതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (01/10.07.2025) മറുപടി നൽകിയത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ കുറേ റോഡുകൾ ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിക്കുകയും ആയത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും വൈസ് പ്രസിഡന്റ് അറിയിച്ചു.
ജൽ ജീവൻ മിഷനുവേണ്ടി വാട്ടർ അതോറിറ്റിയുമായി നാളിതു വരെ കരാർ ചമച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ സഹായ ഏജൻസിയായി കോട്ടൂർ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ, ഭരണ സമിതിയുടെ 29.12.2021 ലെ 11/1ാം നമ്പർ തീരുമാന പ്രകാരം തെരെഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാർ വെക്കാതെ പ്രവർത്തനങ്ങൾ ആരംഭിച്ചതും പഞ്ചായത്ത് വിഹിതം നൽകാത്തതും ക്രമപ്രകാരമല്ല.

## 1-12 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ലഭിച്ച** ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHC | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | 208161 | 80000 | 288161 |
| 2023-24 | Nil | 947000 | 395000 | 1342000 |
| 2024-25 | Nil | 395000 | 629000 | 1024000 |
| | | | ആകെ | 2654161 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ചെലവഴിച്ച** തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | Nil | Nil | Nil |
| 2023-24 | Nil | 125190 | 29306 | 154496 |
| 2024-25 | Nil | 116004 | 189134 | 305138 |
| | | | | 459634 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **നീക്കിയിരിപ്പുള്ള** തുകയുടെ വിവരങ്ങൾ -

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2024-25 | Nil | 1448528 | 816620 | 2265148 |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2023-24<br>2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (242/2024, 414/2025) | 92866 |
| 2023-24<br>2024-25 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെുത്തുക(303/24,412/25) | 61630 |
| 2023-24<br>2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ(241/24,413/25) | 80000 |
| 2023-24<br>2024-25 | ജനകീയാരോഗ്യ കേന്ദ്രം ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ(302/24,411/25) | 225138 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

മൂന്നു വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 17% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പുതുപ്പറമ്പ് ഹെൽത്ത് ആന്റ് വെൽനസ് സെന്റർ,സ്വാഗതമാട് ഹെൽത്ത് ആന്റ് വെൽനസ് സെന്റർ എന്നിവിടങ്ങളിലെ കെട്ടിടങ്ങൾ അൺഫിറ്റാണ്.പി എൽ ബി 3 -2452 ആ വ ഡ /12-02-2025 ഉത്തരവ് പ്രകാരം ടി കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിന് ഉത്തരവായിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 22,65,148/-രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് നമ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല - വസ്തു നികുതി നഷ്ടം

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എടരിക്കോട് ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 25.08.2023 ന് പുറപ്പെടുവിച്ച എ2-3551/2023 നം. അന്തിമ വിജ്ഞാപന പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ 'സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവമുള്ളവ)' എന്ന വിഭാഗത്തിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് ച.മീറ്ററിന് 25/- രൂപ എന്ന നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 15/2024-25 തീ. 14.07.2024 ന് മറുപടിയായി നിലവിൽ എടരിക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | അബ്ബാജ് ടർഫ് | IV |
| 2 | അബ്ബാജ് സ്വിമ്മിങ് പൂൾ | IV |
| 3 | പ്ലേ ടർഫ് ടർഫ് | XIII |
| 4 | ഇ.എസ്.സി. മഡ് കോർട്ട് ടർഫ് | XVI |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം (Functionality-Wise) മേൽപ്പറഞ്ഞ ടർഫുകൾക്കു നമ്പർ നൽകിയിട്ടില്ല എന്നും അവയിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. ഇത് വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ടർഫുകൾക്കും സ്വിമ്മിങ് പൂളുകൾക്കും നമ്പർ നൽകി ചട്ട പ്രകാരമുള്ള വസ്തു നികുതി ബാധകമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വിവിധ അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഇല്ലിക്കൽ കൺവെൻഷൻ സെന്റർ | II |
| 2 | കെ.വി.ആർ. ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 3 | മെട്രോ ഹോംസ് | II |
| 4 | അൽഹിന്ദ് അക്കാദമി | I |
| 5 | റൈഫാ ഹൈപ്പർമാർക്കറ്റ് | II |
| 6 | ബൂൺ ഇൻ | II |
| 7 | ലോറൽ മെർക്കുറി അക്കാദമി ഓഫ് സയൻസ് | I,II |
| 8 | മുഗൾ സാനിറ്റേഷൻ | II |
| 9 | ഡിജിറ്റൽ ഏയ്ജ് റീറ്റെയിൽ പ്രൈവറ്റ് ലിമിറ്റഡ് | I |
| 10 | യൂണിവേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടക്കൽ | II |
| 11 | അഹല്യ ഫിൻഫോറെക്സ് ലിമിറ്റഡ് | II |
| 12 | ഫൈൻ ഫെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | II |
| 13 | ഗവൺമെന്റ് വിമെൻസ് പോളി ടെക്നിക് കോളേജ്, കോട്ടക്കൽ | I |
| 14 | വിരാട് ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ് (മിഷ്ത) | I |
| 15 | നെസ്റ്റോ ഹൈപ്പർമാർക്കറ്റ് | I |
| 16 | കംഫേർട്ട് ഫാക്ടറി | II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് പ്രസ്തുത അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 17/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പ്രസ്തുത അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി പിഴയടക്കം ഈടാക്കി ആയതിന്റെ രസീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2024-25 വർഷത്തിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഹൈ-ടെക് എഞ്ചിനീയറിങ് |
| 2 | ചിക്കിങ് |

| | |
|---|---|
| 3 | കോട്ടക്കൽ ആയുർവ്വേദ ഇന്റർനാഷണൽ ഹോസ്പിറ്റൽ |
| 4 | ടോഡി ബാർ, ക്ലാരി |
| 5 | പി.കെ.എം.എം.എച്ച്.എസ്.എസ്, എടരിക്കോട് (ഹയർ സെക്കന്ററി സെക്ഷൻ) |
| 6 | എടരിക്കോട് ടെക്സ്റ്റൈൽസ് |
| 7 | മെന്റർ അക്കാദമി ഫോർ മോണ്ടിസോറി ടീച്ചേഴ്സ് ട്രെയ്നിങ് |
| 8 | ബ്രിട്ക്കോ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രൈവറ്റ് ലിമിറ്റഡ് |
| 9 | അപരാജിത ഡൈനാമിക് സിനർജീസ് |
| 10 | എൻ പി കെ ആർ ഓട്ടോമൊബൈൽസ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാനും ഉണ്ടെങ്കിൽ ആയവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 17/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിഴയടക്കം ഈടാക്കി ആയതിന്റെ രസീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വിവിധ അർദ്ധ വർഷങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എടരിക്കോട് | I, II |
| 2 | ഇൻഡസ് ഇൻഡ് ബാങ്ക് ലിമിറ്റഡ് | I, II |
| 3 | ഇൻഡസ് ഇൻഡ് മാർക്കറ്റിങ് & ഫിനാൻഷ്യൽ സർവ്വീസസ് | I |
| 4 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് | I, II |
| 5 | നന്ദിലത്ത് ജി മാർട്ട് | I, II |
| 6 | സപ്ലൈകോ മാവേലി സ്റ്റോർ | I, II |
| 7 | അഹല്യ ഫിൻഫോറെക്സ് ലിമിറ്റഡ് | II |
| 8 | ഐഡിബിഐ ബാങ്ക് | I, II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 17/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി പിഴയടക്കം ഈടാക്കി ആയതിന്റെ രസീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. 2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് ചുവടെ നൽകുന്നു. (അസി. എൻജിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം)

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | ഉണ്ണികൃഷ്ണൻ കെ. |
| 2 | ഷിജു കാടാഞ്ചിറ |
| 3 | അബ്ദുൾ ലത്തീഫ് ഒ.ടി. |
| 4 | അലവിക്കുട്ടി ഇ.കെ. |
| 5 | അൻവർ പി. |
| 6 | ജാബിർ ജസീം |
| 7 | മൻസൂർ കീത്താടത്ത് |
| 8 | അഹമ്മദ് കബീർ കെ. |
| 9 | സിറാജുദ്ദീൻ പി. |
| 10 | മുനീർ കെ. |
| 11 | മുഹമ്മദ് ശാബിൻ കെ. |
| 12 | ഹബീബ് സി. |
| 13 | ബീന ജെ.എ. |
| 14 | പ്രവീൺ വർഗീസ് |

മേൽ കരാറുകാരിൽ നിന്നും 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രസീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5. തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം IDBI ബാങ്ക് എടരിക്കോട് എന്ന സ്ഥാപനത്തിലെ 7 ജീവനക്കാർക്ക് ആകെ 8750/- രൂപ തൊഴിൽ നികുതി ബാധ്യതയുണ്ട്. എന്നാൽ, 7942/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഇത് കാരണം 808/- രൂപ വരവിനത്തിൽ നഷ്ടം വന്നതായി കാണുന്നു. അവശേഷിക്കുന്ന 808/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

6. റ്റാറ്റാ കാപിറ്റൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും തമ്മിൽ ഭീമമായ വ്യത്യാസം നിലനിൽക്കുന്നു.

| ഒന്നാം അർദ്ധ വർഷം | | രണ്ടാം അർദ്ധ വർഷം | | വ്യത്യാസം |
|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി | ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി | |
| 7 | 7550 | 40 | 48000 | 40450 |

സ്ഥാപനം ഫയൽ ചെയ്ത തൊഴിൽ നികുതി റിട്ടേണിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്. വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

7. കോട്ടക്കൽ യൂണിവേഴ്സ് എന്ന ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിലെ അധ്യാപകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.
അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/2024-25 തീ. 16.07.2025) മറുപടി ലഭ്യമാക്കിയില്ല.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം ക്ലെയിം ഡ്യൂ ആയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ (കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വിവിധ ഇനങ്ങളിലായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് | കാലഹരണപ്പെട്ട തുക – പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 1 | Election Deposit | 78000 | 18.11.2020 മുതൽ 19.11.2020 വരെയുള്ള 78000/- രൂപ കാലഹരണപ്പെട്ടു. |
| 2 | Bidders' Earnest Money Deposit | 1182 | 18.02.2017 മുതൽ 27.10.2021 വരെയുള്ള 1182/- രൂപ കാലഹരണപ്പെട്ടു. |
| 3 | Contractors' Earnest Money Deposit | 5300 | പിഴപലിശയടക്കം12.10.2020 മുതൽ 05.11.2020 വരെയുള്ള 3300/-രൂപ കാലഹരണപ്പെട്ടു. |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2024-25 തീ. 14.07.2025) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. മേൽ പറഞ്ഞ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 മുൻകൂറായി തുക നൽകി – ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 35/25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ആകെ അടങ്കൽ | 250000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ആകെ ചെലവ് | 250000/(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ/വൌച്ചർ നം. | 24151752037401311772 തീ. 12.02.2025 - 250000/- |

മേൽ പ്രൊജക്ടിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) 07.01.2025 ലെ പ്രഫോർമ ഇൻവോയ്സ് നം. PF-1021 പ്രകാരം 2,50,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ 2,02,768/-

രൂപയുടെ മരുന്ന് ആണ് ലഭിച്ചിട്ടുള്ളത്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹോംകോയ്ക്ക് മുൻകൂറായി നൽകിയ തുക (രൂ.) | പ്രഫോർമ ഇൻവോയ്സ് നം. | മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ | | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ ആകെ തുക (രൂ.) |
|---|---|---|---|---|
| | | ഇൻവോയ്സ് നം. | തുക (രൂ.) | |
| 250000 | PF – 1021 തീ. 07.01.2025 - 250000/- | LF-718 തീ. 10.07.2025 | 188942 | 47232 |
| | | LF-753 തീ. 12.07.2025 | 13826 | |
| | | ആകെ | 202768 | |

അവശേഷിക്കുന്ന 47,232/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 40/18.07.2025 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-17 ലൈഫ് ഭവന പദ്ധതി- ഭവന നിർമാണം പൂർത്തീകരിച്ചില്ല.

ലൈഫ് മിഷൻ മാർഗരേഖ പ്രകാരം പദ്ധതിക്ക് കീഴിൽ ഭവന നിർമാണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ആദ്യ തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന നിർമാണം പൂർത്തീകരിക്കേണ്ടതുണ്ട്.
വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അവസാനമായി തുക നൽകി ഏറെക്കാലം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | പേര് (ഗുണഭോക്തൃ നം.) | ആകെ കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തിയതി |
|---|---|---|---|
| 1 | കോരൻ കാളൻ (970877) | 350000 | 12.01.2024 |
| 2 | അജിത (980107) | 230000 | 12.01.2024 |
| 3 | ഉത്തിരകുമാർ (991122) | 390000 | 12.01.2024 |
| 4 | അയ്യപ്പൻ (971728) | 40000 | 21.02.2023 |

ക്രമ നം. 4 ശ്രീ. അയ്യപ്പൻ എന്നവർ ഒന്നാം ഗഡുവായി 40000/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ലെന്നും എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 38/2024-25 തീ. 18.07.2025) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

- ക്രമ നം. 1 – കോരൻ കാളൻ എന്ന ഗുണഭോക്താവ് വീടിന്റെ പണി 2025 ജൂലൈ 10 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അവസാന ഗഡു നൽകിയിട്ടില്ല. സ്റ്റേജ് വെരിഫിക്കേഷൻ നടത്തി അവസാന ഗഡു നൽകുന്നതാണ്.
- ക്രമ നം. 2 – അജിത എന്ന ഗുണഭോക്താവ് വീടിന്റെ റൂഫ് വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.
- ക്രമ നം. 3 – ഉത്തിര കുമാർ എന്ന ഗുണഭോക്താവ് വീടിന്റെ റൂഫ് വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.
- ക്രമ നം. 4 – ശ്രീ. അയ്യപ്പൻ എന്നവർ വീടുപണി തുടങ്ങാൻ സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണം തുടങ്ങാത്ത പക്ഷം തുക തിരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും പൂർത്തീകരിക്കാത്ത പക്ഷം നൽകിയ ഗഡു സംഖ്യ തിരികെ ഈടാക്കുകയും ചെയ്യേണ്ടതുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-18 പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്. സി ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി 39/25 പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസം 990 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 237600രൂപ കരാറുകാരൻ ശ്രീ.ഇബ്രാഹിമിന് (KL65M 4957 )നൽകിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec. 194C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു.

എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./വൗച്ചർ നം/ തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 24151752036900607036/2-9-24 | 19800 | 2376 |
| 24151752036901305331/11-2-25 | 19800 | |
| 24151752036900750305/7-10-24 | 19800 | |
| 24151752036900499486/5-8-24 | 19800 | |
| 24151752036900852491/02-11-2024 | 19800 | |
| 24151752036900378316/8-7-24 | 19800 | |
| 24151752036900279533/13-6-24 | 39600 | |
| 24151752036901405357/1-3-25 | 19800 | |
| 24151752036901007461/10-12-24 | 19800 | |
| 24151752036901159114/10-1-25 | 19800 | |
| 24151752036901657820/24-3-25 | 19800 | |
| ആകെ | 237600 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/24-25/18.07.2025) ടി.ഡി.എസ് പിടിക്കാൻ വിട്ടുപോയിട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വാഹന വാടകയിൽ നിന്നും ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയില്ല.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ
പദ്ധതി: - 177/25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.
പദ്ധതി: - 231/25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.(സ്പിൽ ഓവർ)
പദ്ധതി: - 109/25-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ബത്ത നൽകൽ

മേൽ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ ബില്ലുകൾ പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഇനത്തിൽ 2220900/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിട്ടില്ല. സ്കോളർഷിപ്പ് തുക അനുവദിച്ച ബില്ലുകൾ പ്രകാരമുള്ള തുകയും ഗുണഭോക്താക്കളുടെ പേരുകളും ക്ലാസ്സും ഭിന്നശേഷി സ്വഭാവവും രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

GO(Rt) 115/2022/Lsgd/28.05.2022 സബ്സിഡി മാർഗ്ഗരേഖ 7.1.1 (2) പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. ഇത്തരം രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.

ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2024-25/18.07.2025) അടുത്ത സാമ്പത്തിക വർഷം മുതൽ ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-20 മോട്ടോർ മാറ്റിവെക്കൽ - വിവരം ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കേടുവന്ന മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22400291 | 02.08.2024 | 96890 | വാർഡ് 13 ലെ അംഗൻവാടി സെന്റർ നമ്പർ 3 ലെ മോട്ടോർ കേടായതിനാൽ പുതിയത് സ്ഥാപിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| 2 | 22400438 | 27.09.2024 | 10000 | വാർഡ് 12 ലെ അംഗൻവാടി സെന്റർ നമ്പർ 14 ലെ മോട്ടോർ കേടായതിനാൽ പുതിയത് സ്ഥാപിക്കുന്നതിന് |

പുതിയ മോട്ടോർ സ്ഥാപിച്ച ഇടങ്ങളിലെ പഴയ മോട്ടോറുകളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 34/24-25/ 19.07.2025) മറുപടി ലഭ്യമാക്കിയില്ല. മാറ്റി സ്ഥാപിച്ച മോട്ടോറുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് ലേലം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഇലക്ട്രിഫിക്കേഷൻ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പദ്ധതി വഴി താണുകുണ്ട് അംഗൻവാടിയുടെ വൈദ്യുതീകരണത്തിന് തുക ചെലവഴിച്ചിട്ടുണ്ട്. ശ്രീ അബ്ദുൾ റഷീദ് കെ. പി എന്നവരാണ് പ്രവൃത്തിയുടെ കോൺട്രാക്ടർ

| പ്രോജക്റ്റ് | അടങ്കൽ തുക | വിനിയോഗിച്ച തുക | വൗച്ചർനം/ തീയ്യതി |
|---|---|---|---|
| താണുകുണ്ട് അംഗൻവാടി വൈദ്യുതീകരണം (333/25) | 100000 (ധനകാര്യകമ്മീഷൻ അവാർഡ് ഫണ്ട്) | 99313 | XVFC2024-25/P/28/19.03.25 (90000)<br>XVFC2024-25/P/29/19.03.25 (9313) |

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3) അംഗൻവാടിയിലെ പ്രവൃത്തി പൂർത്തീകരിച്ച് വൈദ്യുതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 08/24-25/14.07.2025) മറുപടി ലഭ്യമാക്കിയില്ല.

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഇലക്ട്രിക്പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പഞ്ചായത്തിലെ വിവിധ റോഡ് പ്രവൃത്തികൾക്ക് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22400664 | 28.11.2024 | 9730 | വാർഡ് 6 പോക്കാട്ട് എസ് സി കോളനിക്കു സമീപമുള്ള പൊതുവഴിയിൽ യാത്രക്ക് തടസ്സമായി നിൽക്കുന്ന ഇല്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നന്നതിന് എടരിക്കോട് KSEB ഇലക്ട്രിക്കൽ സെക്ഷന് തുക നൽകിയത് സംബന്ധിച്ച് (പോസ്റ്റ് നമ്പർ NH 43/8/1) 400896/FMFM34/GPO/2024/4458 |
| 2 | 22400831 | 22.01.2025 | 9337 | വാർഡ് 13 അടക്കാകുളം വൈലിക്കുളമ്പ് താഴെ ഭാഗത്ത് യാത്രക്ക് തടസ്സമായി നിൽക്കുന്ന ഇല്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നന്നതിന് എടരിക്കോട് KSEB ഇലക്ട്രിക്കൽ സെക്ഷന് തുക നൽകിയത് സംബന്ധിച്ച് (പോസ്റ്റ് നമ്പർ NH 20/11) 400896/FMFM34/GPO/2024/5689 |
| 3 | 22401137 | 12.03.2025 | 9900 | വാർഡ് 11 കാലൊടി റോഡ് കോൺക്രീറ്റിംഗിന് തടസ്സമായി നിൽക്കുന്ന ഇല്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നന്നതിന് എടരിക്കോട് KSEB ഇലക്ട്രിക്കൽ സെക്ഷന് തുക നൽകിയത് സംബന്ധിച്ച് (പോസ്റ്റ് നമ്പർ KP24G) 400896/FMFM34/GPO/2025/1340 |
| | | | 28,967 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/24-25/ 19.07.2025) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 28,967/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 ഫെസ്റ്റിവെൽ അഡ്വാൻസ്- തിരികെ ഈടാക്കിയില്ല.

വൗച്ചർ നം. 22400420/12.09.2024 : 30,000/-

സർക്കാർ ഉത്തരവ് സ.ഉ(പ്രി) 77/2024/ധന തിയ്യതി 06.09.2024 പ്രകാരം പരമാവധി 20000/- രൂപ ഓണം അഡ്വാൻസ് അനുവദിക്കുന്നതിന് അനുമതിയുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം മുൻകൂർ അനുവദിച്ച തുക 5 തുല്യ ഗഡുക്കളായി ജീവനക്കാരന്റെ 2024 ഒക്ടോബർ മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ വൗച്ചർ പ്രകാരം ശ്രീ ജിനൂപ്, സീനിയർ ക്ലർക്ക് (നിലവിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്യുന്നു) എന്നവർക്ക് മുൻകൂർ നൽകിയ 20000/- രൂപ നാളിതു വരെ തിരികെ ഈടാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അഡ്വാൻസ് നൽകിയ തുക എത്രയും പെട്ടന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ് എന്ന് പരാമർശിച്ച ഓഡിറ്റ് എൻക്വയറി 36/24-25/ 19.07.2025 നൽകിയിരുന്നു. എന്നാൽ തുക തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്ത് വിഴ്ച്ച വന്നത് ഗൗരവതരമാണ്. അഡ്വാൻസ് തുക 18% പലിശ സഹിതം തിരിച്ച് പിടിച്ച വിവരം രണ്ട് മാസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 ഗ്രാമ ലക്ഷ്മിമുദ്രാലയത്തിന് നൽകിയ തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22400257/12.072024 : 42,894/-

മേൽ വൗച്ചർ പ്രകാരം ഗ്രാമ പഞ്ചായത്തിലേക്ക് വിവിധ ഫോമുകളും രജിസ്റ്ററുകളും വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം 42559 /- രൂപയുടെ സാധനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. അധികം നൽകിയ തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
കൂടാതെ ഇൻവോയ്സിൽ രേഖപ്പെടുത്തിയ MGNREGS Site Diary (10 No.S), Licence Fee Demand Notice Book (2 Nos. ) എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടുമില്ല. മേൽ ഇനങ്ങൾ പിന്നീട് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 37/24-25/ 19.07.2025 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-25 സ്ഥലംമാറ്റ യാത്രാബത്ത -അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

KSR Part 2, Rule 67(A) II(Iii) പ്രകാരം സ്ഥലം മാറ്റം ചെയ്യപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ജംഗമസാധനങ്ങൾ റോഡ് മാർഗ്ഗം കൊണ്ടുവരുന്നതിന് മൈലേജ് അലവൻസിന്റെ മൂന്നിരട്ടിയിൽ പരിമിതപ്പെടുത്തിക്കൊണ്ട് യഥാർത്ഥ ചെലവ് നൽകാവുന്നതാണ്. കൂടാതെ റോഡ്മാർഗ്ഗം വീട്ടുസാധനങ്ങൾ കൊണ്ടു വരുന്നതിന് കയറ്റിറക്ക് കൂലി അനുവദനീയവുമല്ല. എന്നാൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം അധിക തുക നൽകിയത് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കുകയുണ്ടായി.

1.വൗച്ചർ നം. 22400387/07.09.2024 : 11,910/-

ഫയൽ നമ്പർ : 400896/GAE27/GPO/2024/2590

മേൽ വൗച്ചർ പ്രകാരം ശ്രീമതി. അനില പി എ , അസിസ്റ്റന്റ് സെക്രട്ടറിക്ക് സ്ഥലം മാറ്റ യാത്രാബത്ത നൽകിയിട്ടുണ്ട്. ആയതിൽ കോട്ടയം വെള്ളൂരിൽ നിന്ന് എടരിക്കോടേക്ക് (174 കി.മീ.) മിനി ലോറിയിൽ ജംഗമസാധനങ്ങൾ കൊണ്ടുവന്നതിന് 9,570/- രൂപയും കയറ്റിറക്ക് കൂലിയിനത്തിൽ 1000/- രൂപയും നൽകിയിട്ടുണ്ട്. KSR Part 2, Rule 67(A) II(Iii) പ്രകാരം പരമാവധി നൽകാവുന്ന തുക 1305/- രൂപയാണ്.Ie, 174X2.5X3 = 1305

കൂടാതെ റോഡ്മാർഗ്ഗം വീട്ടുസാധനങ്ങൾ കൊണ്ടു വരുന്നതിന് കയറ്റിറക്ക് കൂലി അനുവദനീയവുമല്ല.

9265/- (Ie, 10570-1305) രൂപ അധികം നൽകിയതിന് കാരണം അറിയിക്കേണ്ടതാണെന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി (28/24-25/ 17.07.2025) നൽകിയതിന് അധികം നൽകിയ തുക 21.07.2025 ലെ രശീതി നമ്പർ G101002-25003172 പ്രകാരം തിരിച്ചടവാക്കി.

2.വൗച്ചർ നം. 22400386/07.09.2024 : 15,535/-

മേൽ വൗച്ചർ പ്രകാരം ശ്രീമതി ശ്രീജ പി എസ് , ഹെഡ്ക്ലർക്കിന് സ്ഥലം മാറ്റ യാത്രാബത്ത നൽകിയിട്ടുണ്ട്. ആയതിൽ തകഴിയിൽ നിന്ന് എടരിക്കോടേക്ക് (224.8 കി.മീ.) മിനി ലോറിയിൽ ജംഗമസാധനങ്ങൾ കൊണ്ടുവന്നതിന് 12,364/- രൂപയും കയറ്റിറക്ക് കൂലിയിനത്തിൽ 1000/- രൂപയും നൽകിയിട്ടുണ്ട്. KSR Part 2, Rule 67(A) II(Iii) പ്രകാരം പരമാവധി നൽകാവുന്ന തുക 1686/- രൂപയാണ് . (Ie, 224.8X2.5X3 = 1686)

കൂടാതെ റോഡ്മാർഗ്ഗം വീട്ടുസാധനങ്ങൾ കൊണ്ടു വരുന്നതിന് കയറ്റിറക്ക് കൂലി അനുവദനീയവുമല്ല.

11678/- (Ie, 13364-1686) രൂപ അധികം നൽകിയതിന് കാരണം അറിയിക്കേണ്ടതാണെന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി (27/24-25/ 17.07.2025) നൽകിയതിന് അധികം നൽകിയ തുക 21.07.2025 ലെ രശീതി നമ്പർ G101002-25003171 പ്രകാരം തിരിച്ചടവാക്കി.

യാത്രാബത്ത നൽകുമ്പോൾ ഇത്തരത്തിൽ തുക അധികം നൽകാനിടയായത് സൂപ്പർവൈസറി തലത്തിലുള്ള പരിശോധനയുടെ അഭാവം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ - തുക അധികം നൽകി.

പ്രോജക്ട് : ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (457/25)

അടങ്കൽ : 1,50,000/- (തനത് ഫണ്ട്)

ചെലവഴിച്ച തുക : 1,50,000/-

വൗച്ചർ നമ്പർ : 22401001/17.02.2025 (58880/-) , 22401226/25.03.2025 (91120/-)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചില സാധനങ്ങൾ പർച്ചേസ് ചെയ്തതിന് ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചതിലും കൂടുതൽ തുക നൽകിയതായി കാണുന്നു. ക്വട്ടേഷനുകൾ പ്രകാരം ലഭ്യമാക്കേണ്ട സാധനങ്ങളുടെ ടാക്സ് അടക്കമുള്ള വിലയാണോ ക്വോട്ട് ചെയ്യേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിലോ ക്വട്ടേഷൻ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിലോ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/24-25/15.07.2025) 16.07.2025 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രൊജക്ട് വഴി സാധനങ്ങൾ വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനുകൾ പ്രകാരം ലഭ്യമാക്കേണ്ട സാധനങ്ങളുടെ വില ടാക്സ് ഉൾപ്പെടെ ഉള്ളതാണെന്നും, സാധനങ്ങളുടെ വില 100000 രൂപയിൽ കുറവായത് കൊണ്ടാണ് ക്വട്ടേഷൻ നോട്ടീസിലോ ഭരണ സമിതി തീരുമാനത്തിലോ ഇക്കാര്യം വ്യക്തമാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ക്വട്ടേഷനുകളും സാധനങ്ങൾ ലഭ്യമാക്കിയ ഇൻവോയ്സും പരിശോധിച്ചതിൽ ചില സാധനങ്ങൾക്ക് അധിക തുക നൽകിയതായി ബോധ്യപ്പെട്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| Sl.No | പർച്ചേസ് ചെയ്ത സാധനങ്ങൾ | അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം | നൽകിയ തുക | ഇൻവോയ്സ് നമ്പർ *തിയ്യതി*/ സ്ഥാപനം | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക(ട്രാക്ക് ഉൾപ്പെടെ) | (ട്രാക്ക് ഉൾപ്പെടെ) | | |
| 1 | സേഫ്റ്റി ഹെൽമെറ്റ് 15 എണ്ണം(ISI അംഗീകാരം) | 680 | 3000 | B2C/17510/15.03.2025/ LITTAD Power Tools | 2320 |
| 2 | സ്റ്റീൽ അലമാര(ചെറുത്)- 1 എണ്ണം | 5000 | 6844 | S-04/19.03.2025/ NASRIN FURNITURE | 1844 |
| 3 | വാട്ടർ ടാങ്ക് 1 എണ്ണം ഫിറ്റിംഗ് ഉൾപ്പെടെ - (5000 ലിറ്റർ കപ്പാസിറ്റി/3 Layer/ISI അംഗീകാരം | 40000 | 39845.6 | EA 478/10.03.2025/ SAJIDHA ELECRICALS | -154.4 |
| 4 | ഇരുമ്പ് സ്റ്റാന്റ് (ടാങ്ക് വെക്കുന്നതിന് 1 എണ്ണം (പെയിന്റ് കോട്ടിംഗ് ഉൾപ്പെടെ) | 8500 | 15540 | PB2024-25/00273/ 14.03.2025 ROYAL ROOFINGS | 7040 |
| 5 | ഫാൻ (കാര്യക്ഷമത കൂടിയത്)- 2 എണ്ണം | 9000 | 18408 | B24/25-20328/ 08.03.25 RTC TRADINGS | 9408 |
| 6 | എയർ കൂളർ (അംഗീകൃത കമ്പനികളിൽ നിന്നും) 1 എണ്ണം (50 ലിറ്റർ കപ്പാസിറ്റി) | 8500 | 9300 | 5737/08.03.2025/ MUMTHAZ MAHAL HOME BAZAR | 800 |
| | ആകെ | 71680 | 92937.6 | | 21257.6 |
| | സപ്ലൈയർക്ക് നൽകിയ തുക | 71680 | 91120 | | 19440 |

മേൽ സാധനങ്ങൾ പർച്ചേസ് ചെയ്യുതിന് 91120/- രൂപയാണ് ശ്രീ ഹബീബ് ചാലിൽ എന്നവർക്ക് നൽകിയിട്ടുള്ളത്. (ഏത് ഇൻവോയ്സ് പ്രകാരമാണ് തുക കുറച്ചു നൽകിയതെന്ന് വ്യക്തമല്ല) ആയതിനാൽ അധികം നൽകിയ തുക ₹19440 (91120 – 71680) ആണ്. ആധികം നൽകിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24-25/14.07.2025) തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി നൽകി. തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(27/25)

അടങ്കൽ : 4,00,000/- (വികസന ഫണ്ട് എസ് സി പി)

ചെലവഴിച്ച തുക : 1,00,000/-

ബിൽ നമ്പർ : 24151752032801551107/15.03.2025

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന രണ്ടു ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്.

1. ഷിനു . കെ

2. അഭിനവ് പി

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1. പഠന മുറിയുടെ പൂർത്തീകരണ വിവരം .

2. 2021-22 മുതൽ നാളിതുവരെ പഠനമുറിക്കായി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരം അവരുടെ പഠനമുറി പൂർത്തീകരണ വിവരം എന്നിവ .

3. പഠനമുറിക്കായി ഗഡുക്കളായി തുക നൽകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ

ഓഡിറ്റ് എൻക്വയറി (11/24-25/14.07.2025) നൽകിയതിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ പഠനമുറി അനുവദിക്കുമ്പോൾ മുൻകൂർ തുക, തുടർന്നുള്ള ഗഡുക്കൾ എന്നിവ നൽകുന്നതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്ന് വ്യക്തമായി. 2024-25 വർഷത്തിൽ പഠനമുറിക്കായി തുക നൽകിയ മേൽ ഗുണഭോക്താക്കൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല, മാത്രവുമല്ല 2024-25 ൽ പഠനമുറിക്കായി മുൻകൂർ തുക നൽകിയ ശ്രീ നാരായണൻ പി, ശ്രീ സുബ്രഹ്മണ്യൻ .കെ എന്നീ ഗുണഭോക്താക്കളുടെ പഠനമുറിയും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിച്ച് , വാലുവേഷൻ പ്രകാരമുള്ള തുക കൈമാറി വിവരം ഓഡിറ്റിനെ അിയിക്കേണ്ടതാണ്.

## 1-28 SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് : എസ്.എസ്.കെ വിഹിതം അടവാക്കൽ( 26/25)

അടങ്കൽ : 594817

ചെലവഴിച്ച തുക : 594817

ബിൽ നമ്പർ : 24151752008001561435/17.03.2025 (വികസന ഫണ്ട് ജനറൽ)

സെക്രട്ടറി നിർവഹണം നടത്തിയ, പ്രൊജക്ട് നം. 26/2025 - എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 594817/- രൂപ State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ലെ ഖ 8.6. വിദ്യാഭ്യാസം, ക്രമ നം. (3),(4),(5) എന്നിവയിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് വിഹിതം ₹ 594817/- രൂപ എസ്.എസ്.കെ.യ്ക്ക് ലഭിച്ചതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.
2. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 11.06. 2024 ലെ സി.1/646./2024/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം എടരിക്കോട് ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള “ LSG PLAN AND SHARE AS PER APPROVED AWPB 2024-25 “ ലഭ്യമാക്കിയിരുന്നു. ആയതിൽ Financial Target 37,96,324 രൂപയും, ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 15,18,530 രൂപയുമായിരുന്നു. എന്നാൽ 594817 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
3. ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവൻ നൽകിയിട്ടില്ലെങ്കിലും, ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 11.06. 2025 ലെ No.A-1649/25/SSK നമ്പർ കത്തു പ്രകാരം നൽകിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ, Financial Target ആയ 37,96,324 രൂപയും വിനിയോഗിച്ചതായി കാണിച്ചിരിക്കുന്നു. ഇത് എപ്രകാരം സാധ്യമായി എന്ന് വ്യക്തമാക്കേണ്ടതാണ്.
4.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
5. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
6. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
7. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
8. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 11.06.25 ലെ വിനിയോഗസാക്ഷ്യപത്രപ്രകാരം കൃത്യമായ വിനിയോഗ വിവരം ലഭ്യമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമമ.നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്ക് |
|---|---|---|---|---|---|
| 1 | BRC | 5 | 2,87,315 | 45,017 | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക |

| | | | | | |
|---|---|---|---|---|---|
| | | | | | വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 5 | 1,74,265 | 27,304 | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 1548 | 3,87,000 | 60,636 | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്‌ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Free Text Book-UP | 785 | 3,14,000 | 49,198 | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| 4 | Uniform 2 Set Govt. School Only | 1946 | 11,67,600 | 1,82,941 | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്‌ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യുണിഫോം വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല |

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24-25/14.07.2025) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ആയതു വരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 1-29 അതിദാരിദ്ര്യം ഗുണഭോക്താക്കൾക്ക് വീട്ട് വാടക നൽകൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : അതിദാരിദ്ര്യം ഗുണഭോക്താക്കൾക്ക് വീട്ട് വാടക നൽകൽ( 458/25)

അടങ്കൽ : 100000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : 60000

വൗച്ചർ നമ്പർ : 22401239/26.03.2025

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ₹ 60000 ശ്രീ രാജഗോപാലൻ.കെ എന്നവർക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ)നം. 1636 / 2024/LSGD Dated 06.09.2024 പ്രകാരം അതിദാരിദ്ര്യ കുടുംബത്തിൽ ഉൾപ്പെട്ടവർക്ക് സ്വന്തമായി ഭവനം ലഭ്യമാവുന്നതു വരെ മാസത്തിൽ ₹5000 രൂപ നിരക്കിൽ മാസ വാടക നൽകാവുന്നതാണ്. ആയതു പ്രകാരം ശ്രീ സരസ്വതി എന്ന ഗുണഭോക്താവിന് വാടക ഇനത്തിൽ തുക നൽകുകയാണ് മേൽ പ്രൊജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

1. എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ അതിദാരിദ്ര്യരുടെ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2. ശ്രീ സരസ്വതി എന്നവർ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെങ്കിൽ ആയതിന്റെ വിവരം

3. മേൽ ഗുണഭോക്താവിന് സ്വന്തമായി ഭവനം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/24-25/14.07.2025) മറുപടി ലഭ്യമാക്കിയില്ല വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ( 253/25)

അടങ്കൽ : 6,50,000 ( വികസനഫണ്ട് - എസ് സി പി)

ചെലവഴിച്ച തുക : 6,50,000

ബിൽ നമ്പർ : 24151752032801044500/16.12.2024 (6,50,000/-)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 20 ലാപ്ടോപ്പുകളുടെ വിലയായി ₹ 6,50,000, Gem വഴി തെരെഞ്ഞെടുത്ത Servite Systems (ഇൻവോയ്സ് നമ്പർ . 23-24/SS/881 Dated 22.03.2024) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ ലാപ്ടോപ്പുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 20 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ലാപ്ടോപ്പ് നൽകിയ ശ്രീ ശ്രീഹരി എന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് , പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 09/24-25/14.07.2025) ആയത് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 32500/- തടസ്സത്തിൽ വെക്കുന്നു.

## 1-31 ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് ദുരിതാശ്വാസ നിധി കൂടുതൽ ഫലപ്രദമായും നിയമ സാങ്കേതിക തടസ്സങ്ങൾ ഇല്ലാതെയും പ്രയോജനപ്പെടുത്താനാവും.

ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ 1-28 ആയി പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. 16.11.2024 ലെ ഭരണ സമിതി തീരുമാനത്തിൽ ഈ വിഷയം അജണ്ട 12 ആയി ചർച്ചക്ക് വെക്കുകയും ചെയ്തതായി വ്യക്തമാവുന്നു. എന്നാൽ തീരുമാനം എടുക്കാതെ അടുത്ത മീറ്റിങ്ങിൽ പരിഗണിക്കാം എന്ന് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഭരണ സമിതി മീറ്റിങ്ങിൽ ഈ വിഷയം ചർച്ചക്കെടുക്കുകയും തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 റോഡ് മെയിന്റനൻസ് ഫണ്ട് 55 ലക്ഷം രൂപ ലാപ്സായി

നിലവിൽ 16 വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. നഗര സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തും കോട്ടക്കൽ നഗരത്തിന്റെ ഭാഗമായ വാർഡുകളും പഞ്ചായത്തിനുണ്ട്. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ്, ഇനത്തിൽ 5514535 രൂപ ലാപ്സായി എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 11434000 | 5919465 | 5514535 |

20 ബില്ലുകളിലായി ആകെ 5919465 രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് തൽവർഷം ചെലവഴിക്കാനായത് എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന വിധത്തിൽ 132 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 80% പ്രോജക്ടുകളും റോഡ് പ്രവൃത്തികളാണ്. എന്നാൽ കേവലം 50 പ്രോജക്ടുകൾ മാത്രമാണ് നിർവഹണം നടത്തിയത് എന്ന് വ്യക്തമാവുന്നു. പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും , റോഡ് ആധുനികവൽക്കരണം എന്നിവയ്ക്കാണ് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. സമയ ബന്ധിതമായി പ്രവൃത്തികൾ

പൂർത്തീകരിക്കാത്തതുമൂലമാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു എന്ന് പരാമർശിച്ച് 26/17.07.2025 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.
ഗെയ്ൽ പൈപ്പ് ലൈൻ , ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി വ്യാപകമായ തോതിൽ റോഡ് വെട്ടി പൊളിച്ചതിനാലും റസ്റ്റോറേഷൻ പ്രവൃത്തി പൂർത്തിയായ റോഡുകളിൽ Defect Liability Period പൂർത്തിയായ ശേഷമല്ലാതെ പഞ്ചായത്ത് വർക്കുകൾ നടത്താൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാലും റോഡ് മെയിന്റെനൻസ് ഫണ്ട് ഫലപ്രദമായി പ്രയോജനപ്പെടുത്താനായില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. മറുപടി വസ്തുതാപരമാണ് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.
റസ്റ്റോറേഷൻ ചെയ്യാൻ അവശേഷിക്കുന്ന റോഡുകളിൽ പ്രവൃത്തി ചെയ്യാൻ ഫണ്ടില്ല എന്ന് വാട്ടർ അതോറിറ്റി അറിയിച്ചതായും വെട്ടിപൊളിച്ച റോഡുകൾ പൂർവ സ്ഥിതിയിലാക്കാൻ പൊതുജനങ്ങൾ നിരന്തരം ആവശ്യപ്പെടുന്നതായും പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് വരികയാണ് എന്നും എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചു.
ലഭ്യമായ ഫണ്ട് പാഴാക്കാതെ ഫലപ്രദമായ വിധത്തിൽ വിനിയോഗിക്കാൻ ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 1-33 ജൽ ജീവൻ മിഷൻ പ്രവൃത്തിക്കായി റോഡ് കട്ടിങ്ങ് - പ്രവൃത്തികൾ പൂർത്തിയാക്കാനായില്ല.

ഗ്രാമ പഞ്ചായത്തിന്റെ 1/2 – 26.11.2024 തീരുമാനത്തിൽ കരാർ കാലവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതിരുന്ന 22 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലവധി 2025 മാർച്ച് 31 വരെ നീട്ടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ഫയലിൽ ജൽ ജീവൻ മിഷൻ , ഗെയ്ൽ പ്രവൃത്തികൾ നടന്നതാണ് വർക്ക് വൈകുന്നതിന് കാരണമായത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാർഡ് മെമ്പർമാരും ഈ വസ്തുത വ്യക്തമാക്കുന്ന കത്ത് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വർക്ക് വൈകി പൂർത്തിയാവൻ കരാറുകാരുടെ പിഴവല്ല കാരണം എന്നും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയാതായി കാണുന്നു. ആയതിനാൽ തന്നെ വൈകി പൂർത്തിയായ പ്രവൃത്തികളിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തിട്ടില്ല. പ്രവൃത്തികളുടെ ഫയൽ , ഭരണ സമിതി തീരുമാനം എന്നിവ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. റോഡ് കട്ടിങ്ങ് മാനേജ്മെന്റിന് ഓൺലൈൻ പോർട്ടൽ സംവിധാനം ഒരുക്കുകയും വാട്ടർ അതോറിറ്റി, വാദ്യുതി ബോർഡ് , ടെലികോം , പൊതുമരാമത്ത് എന്നി വകുപ്പുകൾ ഈ പോർട്ടൽ ഉപയോഗപ്പെടുത്തണം എന്നും GO(MS) 9/2020/Pwd /30.07.2020 ഉത്തരവിലും , CEPWD/2675/2021-C4(W)/10.02.2023 സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഏതെല്ലാം റോഡുകൾ , എത്ര മീറ്റർ നീളത്തിൽ കട്ടിങ്ങ് നടത്തി എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

2. ജൽ ജീവൻ മിഷൻ മിഷൻ പദ്ധതിക്കായി റോഡ് കട്ട് ചെയ്യുന്നതിന് മുമ്പ് തന്നെ റോഡ് റസ്റ്റോറേഷൻ ചാർജ് സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും അല്ലാത്ത പക്ഷം വാട്ടർ അതോറിറ്റി സ്വന്തം ചെലവിൽ റോഡ് പുന:സ്ഥാപിച്ച് നൽകുന്നതാണ് എന്ന് അറിയിക്കുകയും വ്യക്തമായ കരാർ വെക്കേണ്ടതുമാണ്. എന്നാൽ റോഡ് കട്ടിങ്ങ് സംബന്ധിച്ച് ഇത്തരം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

3. വാർഷിക കണക്കിൽ റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ തുക വരവ് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. 2023-24 വാർഷിക കണക്കിലും ഈ ഇനത്തിൽ തുക വരവ് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. റോഡ് കട്ട് ചെയ്ത ഇനത്തിൽ അർഹമായ ചാർജ് അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. റോഡ് കട്ട് ചെയ്യുന്ന ഏജൻസി റോഡ് പൂർവ സ്ഥിതിയിലാക്കുന്നതാണ് എന്ന് അറിയിച്ച കത്ത്, കരാർ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. നിലവിൽ കട്ട് ചെയ്ത റോഡുകൾ റിപ്പയർ ചെയ്യുന്നിനായി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുന്നതായും തയ്യാറാക്കിയ പ്രോജക്ടുകൾ തന്നെ വൈകിയതായും ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. മാത്രമല്ല, വാട്ടർ അതോറിറ്റി റോഡ് പുന:സ്ഥാപിക്കാൻ ഫണ്ടില്ല എന്ന് അറിയിച്ചതായും വ്യക്തമാവുന്നു. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായ റോഡിൽ , പഞ്ചായത്തിന്റെ അനുമതിയില്ലാതെ റോഡ് കട്ട് ചെയ്യുന്നതും തുടർന്ന് റോഡ് പുന:സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തുന്നതും ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. മാത്രമല്ല , ഗ്രാമ പഞ്ചായത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാതെ ഫണ്ട് ലാപ്സാവുന്നതിനും കാരണമായതായി ശ്രദ്ധയിൽ പെടുത്തുന്നു.

ഈ വിഷയത്തിൽ വ്യക്തമായ വിവരങ്ങൾ , രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 പൊതു മരാമത്ത് പ്രവൃത്തികൾ - പ്രോജക്ടുകളുടെ ആധിക്യം - പദ്ധതി ലക്ഷ്യം കൈവരിക്കാനാവുന്നില്ല.

പതിനാറ് വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ 2024 -25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ, സുലേഖ ചെലവ് പത്രിക, ക്യാഷ് ബുക്ക് , കരാർ രജിസ്റ്റർ എന്നിവ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ |
|---|

| | | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 57 |
| 2 | തൽവർഷ പ്രോജക്ടുകൾ | 75 |
| 3 | ആകെ (1+2) | 132 |
| 4 | ആകെ അടങ്കൽ | 40014769 |
| 5 | നിർവഹണം നടത്തിയത് | 50 |
| 6 | ചെലവ് തുക | 13355898 |
| 7 | ചെലവ് ശതമാനം | 28.4 |
| 8 | നിർവഹണം നടത്താതിരുന്നത് | 82 (സ്പിൽ ഓവർ 18, പുതിയത് 64 ) |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 2665887 |

**1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.**

അസിസ്റ്റന്റ് എഞ്ചീനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 28.4 ശതമാനം മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 132 പ്രോജക്ടുകളിൽ 82 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. പ്ലാൻ, മെയിന്റനൻസ്, തനത്, കേന്ദ്ര, ധനകാര്യ കമ്മീഷൻ ഫണ്ടുകൾ വകയിരുത്തിയ 2.6 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. അതായത് 26658871 രൂപയുടെ വികസന സാധ്യതകൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് നഷ്ടപ്പെട്ടു എന്ന് വിലയിരുത്താവുന്നതാണ്. പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**2) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.**

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയാക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. ആകെയുള്ള 57 സ്പിൽ ഓവർ പ്രോജക്ടുകളിൽ 18 പ്രോജക്ടുകൾ പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

**3. പ്രോജക്ടുകളുടെ ആധിക്യം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നു.**

ഒരു അസിസ്റ്റന്റ് എഞ്ചിനീയറും , ഒരു തേർഡ് ഗ്രേഡ് ഓവർസിയറും, ഒരു സെക്കന്റ് ഗ്രേഡ് ഓവർസിയറുമാണ് എഞ്ചിനീയറിങ്ങ് വിങ്ങിന്റെ സ്റ്റാഫ് പാറ്റേൺ. കൂടാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താത്കാലികമായി ഒരു ക്ലർക്കും നിലവിലുണ്ട്. 132 പ്രോജക്ടുകളാണ് ഓഡിറ്റ് വർഷം എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവഹണം നടത്തുന്നതിനായി തയ്യാറാക്കിയത്. ഇതിൽ പകുതിയിലധികം പ്രോജക്ടുകളും നിർവഹണം നടത്താൻ സാധിച്ചില്ല എന്ന് കാണുന്നു. ചെറിയ അടങ്കലുള്ള പ്രോജക്ടുകളാണ് അധികവും. ആകെ തകർന്നു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ റോഡുകളിൽ പരിമിതമായ മീറ്റർ മാത്രമാണ് പലപ്പോഴും പ്രവൃത്തികൾ നിർവഹിക്കുന്നത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രോജക്ടുകളുടെ ആധിക്യം, കൃത്യമായ രീതിയിൽ സൂപ്പർ വിഷൻ, മെഷർ മെന്റ് എന്നിവ നിർവഹിക്കുന്നതിന് സാധ്യമാവുന്നില്ല എന്നും തത്ഫലമായി കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാതെ, ലഭ്യമായ ഫണ്ട് ലാപ്സാവുന്നതിന് കാരണമാവുന്നതായും വ്യക്തമാവുന്നു. എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ മനുഷ്യ വിഭവ ശേഷിക്ക് നിർവഹണം സാധ്യമാവുന്ന വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറക്കുന്നതിനും ഫലപ്രദമായ രീതിയിൽ നിർവഹണം സാധ്യമാക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒരു റോഡിനെ, ഒരു കെട്ടിടത്തെ സമഗ്രമായി വിലയിരുത്താതെ ഭാഗികമായി മാത്രം വിലയിരുത്തി പ്രവൃത്തി ചെയ്യുന്ന സമീപനം പദ്ധതിയുടെ ലക്ഷ്യം പൂർത്തിയാക്കുന്നതിന് സഹായകമാവുന്നില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം സമീപനങ്ങൾ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച് , ലഭ്യമാവുന്ന ഫണ്ട് പൂർണമായും വിനിയോഗിക്കുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും നിർവഹണം നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 അഡ്വാൻസ് - വ്യക്തതയില്ലാത്ത രേഖപ്പെടുത്തലുകൾ

ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ Loans , Advances And Deposits എന്ന ഹെഡിൽ 3227307 രൂപ അസറ്റ് ആയി ബുക്ക് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ , വാർഷിക കണക്ക് എന്നിവ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. Advances To Implementing Officers എന്ന 460500501 ഹെഡിൽ നിലവിൽ 329493 രൂപ മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 140493 രൂപ 2023-24 വർഷം പ്രീ മൺസൂൺ സാനിറ്റേഷൻ പ്രവത്തികൾക്കായി മെഡിക്കൽ ഓഫീസർക്ക് നൽകിയതാണ് എന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നു. അവശേഷിച്ച 189000 രൂപ ഓപ്പണിങ്ങ് ബാലൻസ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ , ഈ തുക 2022-23 വർഷത്തിലും ഓപ്പണിങ്ങ് ബാലൻസ് ആണ്. എന്നാൽ 2021-22 വർഷം രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല എന്നും കാണുന്നു. അതേസമയം ഈ തു 2021-22 വർഷ വാർഷിക കണക്കിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ഓപ്പണിങ്ങ് ബാലൻസ് ആയി രേഖപ്പെടുത്തി വരുന്ന ഈ തുക ആർക്ക് നൽകിയതാണ് , എന്തിന് നൽകിയതാണ് എന്ന് പരിശോധിച്ച് വിലയിരുത്താവുന്ന എൻട്രികൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇല്ല. ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

2. Advances To Implementing Agencies – Kseb എന്ന 1901965 രൂപ മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 28782 രൂപ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി വൈദ്യുതി ബോർഡിൽ 2022-23 വർഷം ഡെപ്പോസിറ്റ് ചെയ്തതാണ് എന്ന് വ്യക്തമാവുന്നുണ്ട്. അവശേഷിച്ച തുക 1873177 രൂപ ഓപ്പണിങ്ങ് ബാലൻസ് ആണ്. ഈ തുക 2022-23 വർഷം മുതൽ തുടർന്ന് വരുന്നതായി വ്യക്തമാവുന്നു. 2022-23 വർഷ രജിസ്റ്ററിൽ 1839182 രൂപ ഓപ്പനിങ്ങ് ബാലൻസ് എന്നും , 33995 രൂപ Deposit With Kseb എന്നും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതേസമയം 2019-20, 2020-21, 2021-22 വർഷ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്ന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ , ഈ തുക ആർക്ക് നൽകിയതാണ് , എന്തിന് നൽകിയതാണ് എന്ന് പരിശോധിച്ച് വിലയിരുത്താവുന്ന എൻട്രികൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇല്ല.

3. Other Advances എന്ന ഹെഡിൽ 164150 രൂപ മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 154550 രൂപ ഓപ്പണിങ്ങ് ബാലൻസ് ആണ്. ഈ തുക 2022-23 വർഷം മുതൽ തുടർന്ന് വരുന്നതായി പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ , വിശദാംശങ്ങൾ പരിശോധിക്കാനാവുന്ന വിധത്തിൽ മുൻ വർഷ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

മുൻകൂർ ക്രമീകരിക്കുന്ന കാര്യത്തിൽ KFC Vol 1, ആർട്ടിക്കിൾ 99 ന്റെ അടിസ്ഥാനത്തിൽ അധിക വിശദീകരണം നൽകിയ GO(P)419/11/Fin /Dated 04.10.2011 എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ, മുൻകൂർ തുക ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ കാര്യത്തിൽ പാലിക്കേണ്ടതാണ് എന്ന് ഓർമിപ്പിക്കുന്നു. പരാമർശിത മുൻകൂർ തുകകൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 ജി.യു.പി.എസ് ക്ലാരി -ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.

തനത് ഫണ്ട് ഉപയോഗിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 287/25 സ്പിൽ ഓവർ പ്രോജക്ട് ജി.യു.പി.എസ് ക്ലാരി അഭിവൃദ്ധിപ്പെടുത്തൽ എന്നതാണ്. പ്രവൃത്തിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| കരാർ | 17/AE/Lidew/EKD/23-24/17.02.2024 | പ്രൈസ് ഐഡി | 2235/2024 |
| കരാറുകാരൻ | ബഷീർ. പി | പി.എ.സി | 244324 |
| വൗച്ചർ | 17/23.09.2024 | തുക | 288302 |

18.07.2025 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെയും സ്ഥാപനത്തിന്റെ ഹെഡ് മാസ്റ്ററുടെയും സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിട്ട് പരിശോധിച്ചു. കട്ട വിരിക്കൽ , പ്ലാസ്റ്ററിങ്ങ് എന്നീ പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരം നിർവഹിച്ചിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായി. എസ്റ്റിമേറ്റ് ഇനം 04 Finishing With Deluxe Multi Surface Paint System For Interiors And Exteriors Using Primer As Per Manufacturers Specifications.Two Or More Coats Applied On Walls @ 1.25 Ltr/10 Sqm Over And Including One Coat Of Special Primer Applied @ 0.75 Ltr /10 Sqm എന്നതാണ്. ഒരു തവണ പ്രൈമർ അടിച്ച ശേഷം അതിന് മുകളിലായിട്ടാണ് പെയിന്റ് ചെയ്യുന്നത് എന്ന് ഡാറ്റ വിശകലനത്തിൽ വ്യക്തമാവുന്നു. എന്നാൽ സൈറ്റിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനം ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല , സിമന്റ് പ്രൈമർ മാത്രമാണ് സൈറ്റിൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 77.235 Sqm അളവിൽ ചെയ്ത പ്രവൃത്തിക്ക് 168.41 /Sqm നിരക്കിൽ 13007.15 + ജി.എസ്.ടി കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാരാറുകരന് അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|

| | | |
|---|---|---|
| Dsr Code 13.48.1 | Dsr Code 13.43.1 | |
| 77.235 X168.41 = 13007.15 | 77.235 X 76.365 = 5898.08 | 7109.33 |
| 18 % GST ഉൾപ്പെടെ നഷ്ടം | | 8389 |

ഓഡിറ്റ് എൻക്വയറി 39/18.07.2025 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 21.07.2025 ന് 25003170 രസീത് പ്രകാരം 8389 രൂപ പഞ്ചായത്ത് ഓഫീസിൽ തിരിച്ചടവാക്കിയിട്ടുണ്ട്.
മെഷർമെന്റ് രേഖപ്പെടുത്തിയതിൽ വന്ന പിഴവ് ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 വനിത വ്യവസായ കേന്ദ്രത്തിലെ യന്ത്രസാമഗ്രികൾ - സ്ഥലം മാറ്റൽ

09.06.2024 ലെ ക്ഷേമ കാര്യ സ്ഥിരം സമിതിയുടെ തീരുമാനം ഇപ്രകാരമാണ്. *"എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ വാർഡ് നാലിൽ വനിതാ വ്യവസായ കേന്ദ്രത്തിൽ ഉള്ള ജീർണ്ണിച്ചതും പ്രവർത്തനരഹിതവുമായ യന്ത്രസാമഗ്രികൽ അവിടെനിന്ന് മാറ്റുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു"* .

2/4 – 22.06.2024 ഭരണ സമിതി തീരുമാനം ഇപ്രകാരമാണ്. *"09.06.2024 ലെ ക്ഷേമകാര്യ സ്റ്റന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ യോഗത്തിൽ വായിച്ചു. വനിത വ്യവസായ കേന്ദ്രത്തിൽ പരിശോധന നടത്തി യന്ത്രസാമഗ്രികളുടെ നിലവിലുള്ള അവസ്ഥ അറിയുന്നതിനും ആയവ ഒഴിവാക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനായി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയും പഞ്ചായത്ത് ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു."*

വ്യവസായ കേന്ദ്രത്തിന്റ നിലവിലെ പ്രവർത്തന പുരോഗതി , കെട്ടിടം പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നും കേടായ ഉപകരണങ്ങൾ എപ്രകാരമാണ് ഒഴിവാക്കിയത് എന്നും , ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വാല്യേഷൻ എന്നിവ ഉൾപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി 03/10.10.2025 പ്രകാരം ആവശ്യപ്പെട്ടിരുന്നു. വ്യവസായ കേന്ദ്രത്തിൽ നിലവിൽ അംഗനവാടി പ്രവർത്തിക്കുന്നു എന്നും ഉപകരണങ്ങൾ ഒഴിവാക്കുന്നതിന് ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ഈ ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി.
യുക്തമായ നടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കാൻ / ലേലം ചെയ്ത് ഒഴിവാക്കാൻ പരിശ്രമിക്കേണ്ടതാണ്.

## 1-38 പി.എച്ച്.സി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ, തുക | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകൾ, തുക |
|---|---|---|---|---|---|
| 62/25, പി.എച്ച് .സി യിലേക്ക് മരുന്ന് വാങ്ങൽ | 800000/ 797541/- (മെയിന്റനൻസ് ഗ്രാന്റ് നൊൺ റോഡ്) | BRN-24151752036901261065/ 1.02.25-82081 | PRF3234/27.012025-82081 | 1349/15-7-25-33600 | 48481 |
| | | BRN-24151752036901485854/ 10.03.25-94498 | PRF4127/7.03.2025-94498 | 60669(ഇൻവോയ്സ് നമ്പർ965/7-6-25 ) | 33829 |
| | | BRN-24151752030901450405/ 7.03.25-104556 | PRF3983/4.03.2025-104556 | 0 | 104556 |
| | | BRN-24151752030900502726/ 5.08.24-18144 | PRF564/11.07.24-18144 | 14011<br>54155/26-11-24-2424<br>56052/30-12-24-9596<br>3436/24-05-24-1951 | 4133 |
| | | 24151752036901571416/18-3-25<br>61714/- | PRF4269/12-03-25<br>61714/- | 0 | 61714/- |
| | | 24151752036901616074/21-3-25 | PRF4559/19-3-25<br>69156 | 0 | 69156 |
| | | 24151752036900502738/5-8-24 | PRF767/30-7-24<br>109078 | 47048<br>40852/19-8-24-426 | 60515 |

| | | | | | |
|---|---|---|---|---|---|
| | | | | 51528/21-1024-4721<br>53027/16-11-24-7403<br>47537/9-9-24<br>18032<br>58847/20-2-25-16076<br>59626/27-2-25-390<br>6637/7-7-25-1515 | |
| | | 24151752036900502733/<br>05.08.2024,<br>20984/- | PRF585/15-7-24-<br>20984/- | 2515<br>56076/1-1-25-1120<br>56431/7-1-25-167<br>59807/28-2-25-33<br>59836/1-3-25-738<br>2910/14-5-25-457 | 18469 |
| 39/25<br>പാലിയേറ്റീവ് കെയർ | 1160110/1146206<br>(വി.ഫണ്ട് ജനറൽ) | 24151752036900550653/17-8-24 | PRF 823/<br>02.08.2024-109032/- | 107977<br>1354/23-12-24-10024/-<br>2006/25-2-25<br>16343/-<br>2227/26-3-25-26416/-<br>864/9-6-25-55194/- | 1055/- |
| ആകെ | | | | | 401908/- രൂപ |

ഓഡിറ്റ് എൻക്വയറി നമ്പർ- 22/24-25/17.07.2025 ന് മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 401908/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>1-39 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം-അധിക തുക നൽകി</u>

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 177/25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.

അടങ്കൽ തുക/ചെലവ്-2057000/1952900
പദ്ധതി: - 109/25 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം.

അടങ്കൽ തുക/ചെലവ്-480000/264000

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 24151752037101043662/16-12-24 | 600000 |
| 2 | 24151752037101088474/24-12-24 | 1095900 |
| 3 | 24151752037101459214/7-3-25 | 100000 |
| 4 | 24151752037101459219/7-3-25 | 100000 |
| 5 | 24151752037101560650/17-3-25 | 57000 |
| 6 | 24151752037101459224/7-3-25 | 264000 |
| ആകെ | | 2216900/- |

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 പട്ടികകൾ പ്രകാരം ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട തുക എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഇഷാന പി എന്ന കുട്ടിക്ക് നിശ്ചയിച്ചിട്ടുള്ള തുകകളിൽ നിന്നും അധികരിച്ച് സ്കോളർഷിപ്പ് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന | ഭിന്നശേഷി സ്വഭാവം, | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ വിവരം | അധികം നൽകിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ക്ലാസ്, സ്ഥാപനം | സർട്ടിഫിക്കറ്റ് വിവരം | | | തുക |
| ഇഷാന പി<br>A/C No 67283788307 | MR<br>സർട്ടിഫിക്കറ്റ് നം. KL0570920050441300/11-1-24 | 28500 | മുകളിലെ പട്ടികയിലെ ക്രമനം. 2, 1ബില്ലുകളിൽ നിന്നും യഥാക്രമം, 8500 ,20000രൂപ വീതം 28500/- രൂപ യും പ്രോജക്ട് 109/ 25 പ്രകാരം BRN 24151752037101459224/7-3-25 പ്രകാരം 12000 രൂപയും അനുവദിച്ചു. | 12000 |
| ആകെ | | | | 12000 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/18.07.25) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 221/25 |
| പേര് | : കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണത്തിന് തുക നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : 50000/- (തനത് ഫണ്ട്) |
| ചെലവ് (₹) | : 450000/- |
| വൗച്ചർ നമ്പർ / തീയതി | : 22401221/25-03-25 |

ഈ പ്രൊജക്ട് പ്രകാരം ശ്രീമതി ഫാത്തിമ എ റസാൻ ടി ,D/O.റിയാസ് ,തറമ്മൽ വീട് എന്ന ഗുണഭോക്താവിന് കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് വേണ്ടി 50000/- രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.24/2024-25/17-7-2025)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ്ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക(50000/-രൂപ ) തടസ്സം ചെയ്യുന്നു.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ - തുക അധികം നൽകി

പ്രോജക്ട് : ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (457/25)

അടങ്കൽ : 1,50,000/- (തനത് ഫണ്ട്)

ചെലവഴിച്ച തുക : 1,50,000/-

വൗച്ചർ നമ്പർ : 22401001/17.02.2025 (58880/-) , 22401226/25.03.2025 (91120/-)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചില സാധനങ്ങൾ പർച്ചേസ് ചെയ്തതിന് ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചതിലും കൂടുതൽ തുക നൽകിയതായി കാണുന്നു. ക്വട്ടേഷനുകൾ പ്രകാരം ലഭ്യമാക്കേണ്ട സാധനങ്ങളുടെ ടാക്സ് അടക്കമുള്ള വിലയാണോ കോട്ട് ചെയ്യേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിലോ ക്വട്ടേഷൻ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിലോ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/24-25/15.07.2025) 16.07.2025 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രൊജക്ട് വഴി സാധനങ്ങൾ വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനുകൾ പ്രകാരം ലഭ്യമാക്കേണ്ട സാധനങ്ങളുടെ വില ടാക്സ് ഉൾപ്പെടെ ഉള്ളതാണെന്നും, സാധനങ്ങളുടെ വില 100000 രൂപയിൽ കുറവായത് കൊണ്ടാണ് ക്വട്ടേഷൻ നോട്ടീസിലോ ഭരണ സമിതി തീരുമാനത്തിലോ ഇക്കാര്യം വ്യക്തമാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ക്വട്ടേഷനുകളും സാധനങ്ങൾ ലഭ്യമാക്കിയ ഇൻവോയ്സും പരിശോധിച്ചതിൽ ചില സാധനങ്ങൾക്ക് അധിക തുക നൽകിയതായി ബോധ്യപ്പെട്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| Sl.No | പർട്ടേസ് ചെയ്ത സാധനങ്ങൾ | അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം തുക(ടാക്സ് ഉൾപ്പെടെ) | നൽകിയ തുക (ടാക്സ് ഉൾപ്പെടെ) | ഇൻവോയ്സ് നമ്പർ *തിയ്യതി*/ സ്ഥാപനം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സേഫ്റ്റി ഹെൽമെറ്റ് 15 എണ്ണം(ISI അംഗീകാരം) | 680 | 3000 | B2C/17510/15.03.2025/ LITTAD Power Tools | 2320 |
| 2 | സ്റ്റീൽ അലമാര(ചെറുത്)- 1 എണ്ണം | 5000 | 6844 | S-04/19.03.2025/ NASRIN FURNITURE | 1844 |
| 3 | വാട്ടർ ടാങ്ക് 1 എണ്ണം ഫിറ്റിംഗ് ഉൾപ്പെടെ - (5000 ലിറ്റർ കപ്പാസിറ്റി/3 Layer/ISI അംഗീകാരം | 40000 | 39845.6 | EA 478/10.03.2025/ SAJIDHA ELECRICALS | -154.4 |
| 4 | ഇരുമ്പ് സ്റ്റാന്റ് (ട്രാങ്ക് വെക്കുന്നതിന് 1 എണ്ണം (പെയിന്റ് കോട്ടിംഗ് ഉൾപ്പെടെ) | 8500 | 15540 | PB2024-25/00273/ 14.03.2025 ROYAL ROOFINGS | 7040 |
| 5 | ഫാൻ (കാര്യക്ഷമത കൂടിയത്)- 2 എണ്ണം | 9000 | 18408 | B24/25-20328/ 08.03.25 RTC TRADINGS | 9408 |
| 6 | എയർ കൂളർ (അംഗീകൃത കമ്പനികളിൽ നിന്നും) 1 എണ്ണം (50 ലിറ്റർ കപ്പാസിറ്റി) | 8500 | 9300 | 5737/08.03.2025/ MUMTHAZ MAHAL HOME BAZAR | 800 |
| | ആകെ | 71680 | 92937.6 | | 21257.6 |
| | സപ്ലെയർക്ക് നൽകിയ തുക | 71680 | 91120 | | 19440 |

മേൽ സാധനങ്ങൾ പർച്ചേസ് ചെയ്തതിന് 91120/- രൂപയാണ് ശ്രീ ഹബീബ് ചാലിൽ എന്നവർക്ക് നൽകിയിട്ടുള്ളത്. (ഏത് ഇൻവോയ്സ് പ്രകാരമാണ് തുക കുറച്ചു നൽകിയതെന്ന് വ്യക്തമല്ല) ആയതിനാൽ അധികം നൽകിയ തുക ₹19440 (91120 – 71680) ആണ്. അധികം നൽകിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (11/24-25/14.07.2025) തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി നൽകി. തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന

എടരിക്കോട് ഗ്രാമപ്പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽ (എസ്റ്റാ.-ഡി) നിന്നുള്ള22.02.2025 ലെ സർക്കുലർ നമ്പർ എസ്റ്റാ.3-ഡി1/MEDNC2/13/24-ധന പ്രകാരമമുള്ള വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റ് എൻക്വയറി. നം.03/2024-25/17.06.2025 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 20 | 77500 | 77500 | 0 | 8658-00-102-87(07) എന്ന ഹെഡിൽ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് |
| | | | | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |
| | | | | | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |
| | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |
| | | | | | |

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 326234 | 27/25 സമഗ്ര നെൽകൃഷി വികസനം | 326234 | 0 |
| | 100000 | 177/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 200000 | 17/25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| **ആകെ** | **626234** | | **626234** | **0** |
| ബ്ലോക്ക് പഞ്ചായത്ത് | 494298 | 27/25 സമഗ്ര നെൽകൃഷി വികസനം | 494298 | 0 |
| | 830000 | 12/24 ലൈഫ് ഭവന പദ്ധതി ജനറൽ | 830000 | 0 |
| | 436000 | 15/25 ലൈഫ് ഭവന പദ്ധതി എസ്.സി | 436000 | 0 |
| | 80000 | 241/25 ലൈഫ് ഭവന പദ്ധതി എസ്.സി (സ്പിൽ ഓവർ) | 80000 | 0 |
| | 299990 | 39/25 പാലിയേറ്റീവ് കെയർ | 299990 | 0 |
| | 600000 | 177/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 43765 | 2/25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 43765 | 0 |
| **ആകെ** | **2784053** | | **2784053** | **0** |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ/ ബില്ല്/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 38/25 പൊട്ടിപ്പാറ കോളനിയിലെ മൂന്ന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22400986/ 16.02.2025 | 29959 | 29959 | U C ലഭ്യമായി – തീ. 23.05.2025 | 0 |
| | വാർഡ് 6 പോക്കോട്ട് എസ് സി കോളനിക്ക് സമീപമുള്ള പൊതുവഴിയിൽ യാത്രക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22400664 തീ. 28.11.2024 | 9730 | 0 | U C ലഭ്യമല്ല | 9730 |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡ് 13 അടക്കാക്കുളം വൈലിക്കുളമ്പ് താഴെ ഭാഗത്ത് യാത്രക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22400831 തീ. 22.01.2025 | 9337 | 0 | U C ലഭ്യമല്ല | 9337 |
| | വാർഡ് 11 കാലൊടി റോഡ് റോഡ് കോൺക്രീറ്റിംഗിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22401137 തീ. 12.03.2025 | 9900 | 0 | U C ലഭ്യമല്ല | 9900 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1. G.O(Rt) No. 9106/24/Fin. Dtd. 07.12.2024 2. G.O(Rt) No. 1625/2025/Fin. Dtd. 20.02.2025 | 7300000 | 195364 | 651725 | 0 | 6843639 |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2875578 |
| തൻവർഷം നിക്ഷേപിച്ച തുക | 258802(പലിശ) |
| ആകെ | 3134380 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3134380 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എടരിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 3134380 | R53540 തീ. 28.03.2025 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| - | Audit Enquiry: 26/2023-24 | 595/- | അസി.എൻജിനീയർ | 1240401469 തീ. 27.07.2024 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2011-12,12-13 | | 2014-15 | 4(1)(A) | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടികൾ തുടരുന്നു |
| 2014-15 | 2-(1),2(3) 2(4) | 2016-17 | | | നടപടികൾ തുടരുന്നു |
| 2017-18 | 2(1) | 2018-19 | 1-VIII(5) | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | നടപടികൾ തുടരുന്നു |
| 2019-20 | - | 2020-21 | 1-16 | (അനുബന്ധം 2) | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 126797181 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73234387 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 706284 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 19440 | ശ്രീ. ബിജുലാൽ പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 19440 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 28,967 | ശ്രീമതി റീന വർഗീസ്, സെക്രട്ടറി |
| 1-28 | 594817 | ശ്രീമതി റീന വർഗീസ്, സെക്രട്ടറി |
| 1-30 | 32500 | ശ്രീ. ബിജുലാൽ. പി.എസ് , അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 | 50000 | ശ്രീമതി ലുബ്ന. ടി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 706284 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

| ജീവനക്കാരന്റെ പേര് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| ബിജുലാൽ. പി.എസ് അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി എടരിക്കോട് ഗ്രാമ പഞ്ചായത്ത് | കാമ്പ്രത്ത് അപ്പാർട്ട്മെന്റ് , ആര്യവൈദ്യശാല റോഡ് , കോട്ടപ്പടി, കോട്ടക്കൽ പിൻ : 676501 Ph : 6238492319 Email: Lalb45827@Gmail.Com |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | കെ എസ് എ എം പി എം 14/2143/22(4) തീയ്യതി 21.11.22 | 3 |
| 2 | 2000-01 | കെ എസ് എ എം പി എം 14/2143/22(5) തീയ്യതി 21.11.22 | 4 |
| 3 | 2002-03 | കെ എസ് എ എം പി എം 14/2143/22(1) തീയ്യതി 21.11.22 | 4 |
| 4 | 2003-04 | കെ എസ് എ എം പി എം 14/2143/22(2) തീയ്യതി 21.11.22 | 3 |
| 5 | 2005-06 | കെ എസ് എ എം പി എം 14/2143/22(6) തീയ്യതി 21.11.22 | 5 |
| 6 | 2007-08 | കെ എസ് എ എം പി എം 14/2143/22(8) തീയ്യതി 21.11.22 | 4 |
| 7 | 2008-09 | കെ എസ് എ എം പി എം 14/2143/22(9) തീയ്യതി 21.11.22 | 6 |
| 8 | 2009-10 | കെ എസ് എ എം പി എം 14/2143/22(10) തീയ്യതി 21.11.22 | 2 |
| 9 | 2010-11 | കെ എസ് എ എം പി എം 14/2143/22(11) തീയ്യതി 21.11.22 | 2 |
| 10 | 2011-12, 12-13 | കെ എസ് എ എം പി എം 14/2143/22(12) തീയ്യതി 21.11.22 | 3 |
| 11 | 2013-14, 14-15 | കെ എസ് എ എം പി എം 14/2143/22(13) തീയ്യതി 21.11.22 | 4 |
| 12 | 2015-16 | കെ എസ് എ എം പി എം 14/3251/16 തീയ്യതി 07.05.22 | 11 |
| 13 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തീയ്യതി 07.05.22 | 15 |
| 14 | 2017-18 | കെ എസ് എ എം പി എം14/2414/18 തീയ്യതി 07.05.22 | 20 |
| 15 | 2018-19 | കെ എസ് എ എം പി എം 14/1837/19 തീയ്യതി 18.11.2020 | 11 |
| 16 | 2019-20 | കെ എസ് എ എം പി എം14/1159/2021 തീയ്യതി 14.03.23 | 5 |
| 17 | 2020-21 | കെ എസ് എ എം പി എം14/1161/2021 തീയ്യതി 14.03.23 | 4 |

| | | | |
|---|---|---|---|
| 18 | 2021-22 | കെ എസ് എ എം പി എം14/2048/2023 തീയതി 08-10-2023 | 16 |
| 19 | 2022-23 | കെ എസ് എ എം പി എം14/2608/23 തീയതി22.02.24 | 17 |
| 20 | 2023-24 | കെ എസ് എ എം പി എം14/1645/24 തീയതി 05.02.25 | 25 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 20-06-2025 and submitted on 25-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Edarikkode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Edarikkode Grama Panchayat as on 31-03-2025

**Date: 14/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Edarikkode Grama Panchayat for the Year 2024-2025.**

### 1.Major Observations

-

### 2.Other Observations

1) Notes of the secretary on the Annual Financial Statement as required by Rule 62(2)(e) of the Kerala Panchayat Raj Accounts Rules, 2011, Key Annual Ratios as per Rule 62(2)(f), comparative amounts of the previous as per Rule 62(3) are not included in the Annual Financial Statement submitted for audit.
2) The following registers are not to up to date and hence their correctness could not be checked.
(a) Asset Register
(b) Permit Fee for Running Machinery
(c) Receipts from the Scrap/Empties and Waste Materials
3) The amount titled Net increase in cash and cash equivalance in the cash flow statement doesnt match with the amount titled Net cash generated by Operating + Investing + Financing Activity (A+B+C) in the same statement.
4) The opening balance in the head Excess Income Over Expenditure for the financial year 2023-24 doesnÂÂÂÂ□t
match with closing balance in the same head for the 2022-23 financial year.
5) The head titled Prior Period Income appears abnormally on the expenditure side of the Statement of Income and Expenditure.
6) Amount recorded in registers kept for the following items of income doesnt match with the figures to the Annual Financial statements.

a) Profession Tax âÂÂ□ÂÂ□ Traders

b) FTEAOS Licence Fee

7) The amounts in reconciliation statement labelled as âÂÂ□ÂÂ□directly debited by bankâÂÂ□ÂÂ□ are yet to be regularized

8) The fixed asset depreciation amount as per the balance sheet does not match with the same as per the income and expenditur statement.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്